# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2780** 10-03-2017-ൽ മറുപടി നൽകേണ്ടത്

## റാഗിംഗ് തടയാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ.ശശി | : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെയും, സംസ്ഥാനത്തിനുപുറത്തെയും കലാലയങ്ങളിൽ പഠിക്കുന്ന കേരളീയരായ കുട്ടികൾക്ക്, പൂർവ്വ വിദ്യാർത്ഥികൾ/കോളേജിലെ ജീവനക്കാർ/സീനിയർ വിദ്യാർത്ഥികൾ/ സുഹൃത്തുക്കളായ പുറത്തുള്ളവർ എന്നിവരിൽ നിന്നും റാഗിംഗ് എന്ന പേരിൽ കൊടുംക്രൂരതയ്ക്കും കൊലപാതകത്തിനുംവരെ വിധേയരാകേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടുവോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ കഴിഞ്ഞ അഞ്ചുവർഷമായി സംസ്ഥാനത്ത് റിപ്പോർട്ടുചെയ്യതും, ഇവിടെ നിന്നും മറ്റു സംസ്ഥാനങ്ങളിൽ പഠനത്തിനു പോയവർക്കുമായി ഓരോ വർഷവും എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്യിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | ബി) കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്തും സംസ്ഥാനത്തിനു പുറത്തുമായി പഠനത്തിനു പോയ വിദ്യാർത്ഥികൾക്കെതിരെ റാഗിംഗുമായി ബന്ധപ്പെട്ട് 2012, 2013 വർഷങ്ങളിൽ 19 കേസുകൾ വീതവും, 2014 ൽ 21 കേസുകളും, 2015 ൽ 60 കേസുകളും, 2016 ൽ 65 |

| | |
|---|---|
| | കേസുകളും, 2017-ൽ ഇതുവരെ 8 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) ഇത്തരം ദുഷ് പ്രവണതകൾ തടയുവാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും, നിലവിലെ നിയമം ഇവ പരിഹരിക്കാൻ പര്യാപ്തമാണോ എന്നും വ്യക്തമാക്കുമോ? | സി) റാഗിംഗുമായി ബന്ധപ്പെട്ട ദുഷ് പ്രവണതകൾ തടയുവാനായി Kerala Prohibition of Ragging Act പ്രകാരവും ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റാഗിംഗ് തടയുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യമായ ബോധവത്കരണ ക്ലാസ്സുകൾ പോലീസിന്റെ നേതൃത്വത്തിൽ നൽകിവരുന്നുണ്ട്. റാഗിംഗ് തടയുന്നതിനായി കേരള സർവകലാശാലയുടെ കീഴിൽ ആന്റി റാഗിംഗ് കമ്മിറ്റിയും, ആന്റി റാഗിംഗ് സ്ക്വാഡും, മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിയന്ത്രണവിധേയമാക്കുവാൻ കേന്ദ്രമാനവവിഭവശേഷി മന്ത്രാലയം നിഷ്കർഷിച്ചതനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആന്റി റാഗിംഗ് കമ്മിറ്റി ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറുടെയോ, ജില്ലാ ജഡ്ജിയുടെയോ സാന്നിദ്ധ്യത്തിൽ രൂപീകരി- |

| | |
|---|---|
| | ക്കുവാനും, റാഗിംഗിന് ഇരയാകുന്നവരുടെ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയതിന് അടിയന്തിര പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള നിയമം ഒരു പരിധിവരെ പര്യാപ്തമാണ്. |
| ഡി) കോളേജുകളിലെ ആന്റി റാഗിംഗ് സെല്ലുകളുടെ പ്രവർത്തനം ഫലപ്രദമല്ലാതാകുന്നത് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ? | ഡി) കോളേജുകളിൽ ആന്റി റാഗിംഗ് സെല്ലുകളുടെ പ്രവർത്തനം ഫലപ്രദമല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിലെ എല്ലാ വകുപ്പ് മേലധികാരികൾക്കും ആന്റി റാഗിംഗ് സെല്ലുകളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ